LIBRARY ARCHIVES Kerala Legislative Assembly

സമീപംവച്ച് പൊതുജനങ്ങളെ അഭിസംബോധനചെയ്ത് സംസാരിക്കുകയുണ്ടായി. ഗാന്ധിജി ഗുജറാത്തി ഭാഷയിൽ രചിച്ച ഗുജറാത്തി ഡയറിയിലെ നൂറ്റിയമ്പതാമത്തെ പേജിൽ ഈ കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. അധ:കൃതവർഗ്ഗക്കാർക്ക് പൊതുനിരത്തുകളിൽ സഞ്ചാര സ്വാതന്ത്ര്യം അനുവദിക്കുന്നകാര്യം ചർച്ച ചെയ്യാനാണ് ഗാന്ധിജി ശിവഗിരിയിലെത്തിയത്. വർക്കല ശിവഗിരി ആശ്രമത്തിനടുത്തുള്ള വനജാക്ഷി മന്ദിരം കിഴക്കോട്ട് ദർശനമായിട്ടുള്ളതും വെട്ടുകല്ലിൽ നിർമ്മിച്ച് കുമ്മായം പൂശിയതും അഞ്ച് മുറികളുള്ള ഓട് മേഞ്ഞതുമായ കെട്ടിടമാണ്. ശ്രീനാരായണ ഗുരുദേവന്റെ ശിഷ്യനായിരുന്ന ആലപ്പുഴ ജില്ലയിലെ ആലുംമൂട്ടിൽ തറവാട്ടിലെ എ. കെ. ഗോവിന്ദദാസ് ചാന്നാർ തന്റെ അകാലചരമമടഞ്ഞ മകൾ വനജാക്ഷിയുടെ സ്മരണയ്ക്കായി 36 സെന്റ് സ്ഥലം വാങ്ങി ഈ മന്ദിരവും മണ്ഡപവും പണിത് ഗുരുവിന് സമർപ്പിക്കുകയുണ്ടായി. കാലപ്പഴക്കത്താൽ മണ്ഡപം നശിച്ചുപോയി. 1928-ൽ ഗുരുദേവൻ മഹാസമാധിയായപ്പോൾ ഭൗതികശരീരം ദർശനത്തിന് വച്ചിരുന്നത് ഈ മണ്ഡപത്തിലായിരുന്നു. 90 വർഷത്തിലേറെ പഴക്കമുള്ള വനജാക്ഷി മന്ദിരം ഇപ്പോൾ നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. വർക്കല കഹാറിന്റെ നിർദ്ദേശപ്രകാരം ആർക്കിയോളജി വകുപ്പ് ഈ സ്ഥലം സന്ദർശിക്കുകയുണ്ടായി. മഹാത്മാഗാന്ധിയുടെ ചരിത്രപ്രാധാന്യമുള്ള സന്ദർശനത്തെപ്പറ്റി ഇന്നലെ ഞാൻ ചർച്ച നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. ബാബുവും ശിവഗിരിമഠം അധികൃതരും എം.എൽ.എ. ശ്രീ. വർക്കല കഹാറും ചർച്ചയിൽ പങ്കെടുത്തിരുന്നു. പുരാവസ്തു വകുപ്പുദ്യോഗസ്ഥർ അടിയന്തരമായി അവിടെ പോകുകയും വനജാക്ഷി മന്ദിരത്തിന്റെ ഒറിജിനാലിറ്റി നഷ്ടപ്പെട്ടുപോകാതെ പഴയരീതിയിൽ തന്നെ പുനർനിർമ്മിക്കാനും അവിടെ ഗാന്ധിജിയുടെയും ഗുരുദേവന്റെയും പ്രതിമകൾ സ്ഥാപിക്കാനും വനജാക്ഷി മന്ദിരത്തിന്റെ ചരിത്ര പ്രാധാന്യം നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കാനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. വനജാക്ഷി മന്ദിരത്തിന്റെ പുനരുദ്ധാരണവും ഗുരുദേവന്റെയും ഗാന്ധിജിയുടെയും പ്രതിമ സ്ഥാപിക്കലും ഗുജറാത്തി ഭാഷയിലുള്ള രേഖകളും അതിന്റെ ഇംഗ്ലീഷ്, മലയാളം പരിഭാഷയും രേഖപ്പെടുത്തി അതൊരു വലിയ സ്മാരകമായി സംസ്ഥാന ഗവൺമെന്റ് സൂക്ഷിക്കുന്നതാണ്.

17. നിർമ്മാണ പ്രവൃത്തി ത്വരിതപ്പെടുത്തൽ

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, പാപ്പിനിശ്ശേരി-പിലാത്തറ കെ.എസ്.ടി.പി. റോഡ് പ്രവൃത്തി ആരംഭിച്ചത് 1-4-2013-ലാണ്. 27 മാസമാണ് അതിന്റെ നിർമ്മാണ കാലാവധിയായി നിശ്ചയിച്ചിരുന്നത്. എന്നാൽ പ്രവൃത്തി ആരംഭിച്ചിട്ട് ഇപ്പോൾ 32 മാസം പിന്നിട്ടിരിക്കുകയാണ്. 40 ശതമാനം പ്രവൃത്തി മാത്രമാണ് ഇതുവരെ പൂർത്തിയായിട്ടുള്ളത്. ഈ റോഡിൽ രണ്ട് റെയിൽവേ മേൽപ്പാലങ്ങളുണ്ട്. അതിൽ ഒന്ന് പാപ്പിനിശ്ശേരിയിലാണ്. രണ്ടു വർഷംകൊണ്ട് അതിന്റെ എഴുപത്തി

രണ്ട് സ്ഥാനകളിൽ മുന്നെണ്ണം മാത്രമേ പൂർത്തിയായിട്ടുള്ളൂ. മാത്രമല്ല, റോഡ് പൂർണ്ണമായി ക്ലോസ് ചെയ്തിരിക്കുകയാണ്. മാട്ടർ, മാടായി, ഏഴോം, ചെറുതാഴം, കണ്ണപുരം, ചെറുകുന്നു, ആറ്റർ തുടങ്ങിയ പ്രദേശത്തെ ജനങ്ങൾ ഇതുമൂലം ഇരുപത് കിലോമീറ്ററിലധികം സഞ്ചരിക്കേണ്ടിവരികയാണ്. ജനങ്ങളുടെ ഭാഗത്തുനിന്ന് വലിയ പ്രതിഷേധം ഉണ്ടായിരുന്നുവെങ്കിലും അവിടെ റോഡ് പൂർണ്ണമായും ക്ലോസ് ചെയ്തിട്ടാണ് പ്രവൃത്തി നടക്കുന്നത്. പക്ഷേ പ്രവൃത്തി ഇഴഞ്ഞ് നീങ്ങുന്നതുമൂലം ജനങ്ങളിപ്പോൾ പ്രക്ഷോഭത്തിനൊരുങ്ങുകയാണ്. അതുകൊണ്ട് ഈ മേൽപ്പാലത്തിന്റെ പ്രവൃത്തി വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കണം. താവം ബ്രിഡ്ജിന്റെ പ്രവൃത്തിയും ഇപ്പോൾ വളരെ മന്ദഗതിയിലാണ് നടക്കുന്നത്. റോഡിന്റെ പ്രവൃത്തി ആകെ ഇരുപത് കിലോമീറ്ററാണുള്ളത്. അതിൽ ആദ്യറീച്ച് പത്ത് കിലോമീറ്റർ മാത്രമേ പൂർത്തിയായിട്ടുള്ളൂ. പലയിടത്തും റോഡിന്റെ പ്രവൃത്തി പാതിവഴിയിലാണ്. ഇതുമൂലം ജനങ്ങൾ വലിയ പ്രയാസം അനുഭവിക്കുകയാണ്. ഫണ്ടിന്റെ അഭാവമാണെന്നാണ് കോൺട്രാക്ടർ പറയുന്നത്. എന്താണ് ഇതിന്റെ കാരണം; എന്തുകൊണ്ടാണ് പ്രവൃത്തി മന്ദഗതിയിലാകുന്നത്; എന്നീ കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെട്ട് ഒരു യോഗം വിളിച്ചുചേർത്ത് പ്രവൃത്തി സ്പീഡ് അപ് ആക്കാനുള്ള നിർദ്ദേശം നല്കണമെന്നാവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, കെ.എസ്.ടി.പി.-II പദ്ധതിയിൽ ഉൾപ്പെടുത്തി 118.29 കോടി രൂപ ചെലവഴിച്ചാണ് പിലാത്തറ-പാപ്പിനിശ്ശേരി റോഡിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുള്ളത്. 20.9 കിലോമീറ്ററാണ് ഇതിന്റെ ദൈർഘ്യം. കെ.എസ്.ടി.പി.-II പദ്ധതി നഷ്ടപ്പെട്ടുവെന്ന് കരുതിയിരുന്നതാണ്. ഗവൺമെന്റിന്റെ ശക്തമായ ഇടപെടൽ കൊണ്ടാണ് നമുക്ക് ആ പദ്ധതി വേൾഡ് ബാങ്ക് അനുവദിച്ചുതന്നത്. കെ.എസ്.ടി.പി. പദ്ധതികൾ വളരെ പെട്ടെന്ന് ചെയ്തുതീർത്താൽ നേട്ടം കിട്ടുന്നതാണ്. പക്ഷേ ചെയ്തുതീർക്കാൻ പലപ്പോഴും സാഹചര്യങ്ങൾ അനുവദിക്കുന്നില്ല. പല തടസ്സങ്ങളും ജനങ്ങൾ ഉണ്ടാക്കുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാന പ്രശ്നം. ശ്രീ. റ്റി. വി. രാജേഷ് ഇക്കാര്യത്തിൽ വളരെ പോസിറ്റീവായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അതുപോലെ തന്നെ ശ്രീ. കെ. എം. ഷാജിയുടെ മണ്ഡലത്തിൽക്കൂടിയും ഇതിന്റെ കുറച്ചുഭാഗം വരുന്നുണ്ട്. ഇവർ രണ്ടുപേരും ഇതിനുവേണ്ടി പലപ്രാവശ്യം ഇടപെട്ടിട്ടുള്ളതാണ്. കെ.എസ്.ടി.പി. പദ്ധതിയെപ്പറ്റി എല്ലാമാസവും ആദ്യത്തെ ബുധനാഴ്ച അവലോകന യോഗം കൂടുകയും കാര്യങ്ങൾ കൃത്യമായി നോക്കുകയും ചെയ്യുന്നുണ്ട്. സാമ്പത്തികമായി യാതൊരു ബുദ്ധിമുട്ടുമില്ല. ഈ പദ്ധതിയുടെ ചെലവ് 50 ശതമാനം വേൾഡ് ബാങ്കും 50 ശതമാനം സംസ്ഥാന ഗവൺമെന്റുമാണ് വഹിക്കുന്നത്. പണി പെട്ടെന്ന് തീർക്കുകയും കൂടുതൽ പണം ചെലവഴിക്കുകയും ചെയ്യണമെന്നുള്ളതാണ് ഗവൺമെന്റിന്റെ മുന്നിലുള്ള പ്രധാന പ്രശ്നം. ചെലവഴിക്കാൻ പറ്റാത്ത വിധത്തിൽ അവിടെ പണികൾ

LIBRARY ARCHIVES Kerala Legislative Assembly

നടക്കുന്നില്ല. ഈ പദ്ധതി ഗവൺമെന്റ് വളരെ താല്പര്യത്തോടുകൂടിയാണ് കാണുന്നത്. അടുത്ത ഫെബ്രുവരിയിൽ ഇതിന്റെ വലിയൊരു ശതമാനം പണി പൂർത്തീകരിക്കണം. അല്ലെങ്കിൽ വേൾഡ് ബാങ്കിന്റെ റിമാർക്ക് വരും. ഈ പണി പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുവേണ്ടി സ്ഥലം എം. പി.-യുടെയും ശ്രീ. റ്റി. വി. രാജേഷിന്റെയും ശ്രീ. കെ. എം. ഷാജിയുടെയും മറ്റ് ജനപ്രതിനിധികളുടെയുമൊക്കെ പിന്തുണയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. റെയിൽവേ ഗേറ്റ് അടച്ചിട്ടിരിക്കുന്നതിനാൽ യാത്രക്കാരുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ വാഹനഗതാഗതം തിരിച്ചുവിടുന്നതിനായി രണ്ട് കോടി രൂപ ചെലവഴിച്ച് ആറ് സമാന്തര പാതകൾ ഗതാഗത യോഗ്യമായിട്ടുണ്ട്. രണ്ട് റെയിൽവേ മേൽപ്പാലങ്ങളുൾപ്പെടെ ഈ റോഡിന്റെ നിർമ്മാണം 2016 ജൂൺ മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇപ്പോൾ ഒൻപത് കിലോമീറ്ററോളം റോഡ് പണി പൂർത്തീകരിച്ചിട്ടുണ്ട്. അതിന്റെ ഉദ്ഘാടനം വേണമെങ്കിൽ ചെയ്യാം. ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതു പോലെ ഈ റോഡിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

18. മണ്ണാർക്കാട് ബൈപ്പാസ് നിർമ്മാണം

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, മണ്ണാർക്കാട് ബൈപ്പാസ് നിർമ്മാണ പ്രവൃത്തിയിലുണ്ടായ കാലതാമസം ഒഴിവാക്കി പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കേണ്ടതിന്റെ ആവശ്യകത ബഹുമാനപ്പെട്ട മന്ത്രിയുടെയും സഭയുടേയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കോഴിക്കോട്-പാലക്കാട് റോഡിലെ N.H. 966- ലുള്ള മണ്ണാർക്കാട് പട്ടണത്തിലെ ശ്രക്ഷമായ ഗതാഗതക്കുരുക്ക് എല്ലാവരും അനുഭവിച്ചിട്ടുള്ളതാണ്. മണ്ണാർക്കാട് ബൈപ്പാസ് എന്നതാണ് അതിനുള്ള പരിഹാരം. യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് മുപ്പത് കോടി രൂപ ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കുവേണ്ടി ഇയർ പ്ലാനിൽ അനുവദിച്ചിട്ടുള്ളതാണ്. സ്ഥലം ഏറ്റെടുക്കലിനും അലൈൻമെന്റിനും വേണ്ടിയാണ് ഈ പണം അനുവദിച്ചിട്ടുള്ളത്. അതിന്റെ പ്രവൃത്തികൾ വളരെ മന്ദഗതിയിലാണ്. പ്രവൃത്തികൾ ത്വരിതഗതിയിലാക്കാനും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുംവേണ്ടിയുള്ള ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടേയും ഡിപ്പാർട്ടുമെന്റിന്റേയും ഭാഗത്തുനിന്നുമുണ്ടാകണം.

എൻ.എച്ച്.-ലുള്ള രണ്ട് പ്രധാന പ്രശ്നങ്ങളിലൊന്ന്, കുന്തിപ്പുഴ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് റോഡിന്റെ വീതികൂട്ടിയപ്പോൾ നാല് വണ്ടികൾക്ക് ഒരേ സമയം പോകാവുന്ന സാഹചര്യമുണ്ട്, പക്ഷേ റോഡിൽ ഡിവൈഡർ ഇല്ലാത്തത് അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. അവിടെ ഡിവൈഡർ നിർമ്മിക്കണം. കൂടാതെ, ഭൂമിയിൽനിന്ന് വെള്ളത്തിന്റെ ഉറവ വരുന്നതിനാൽ ഒരു ഭാഗത്തെ റോഡിന് സ്ഥിരമായി കേടുവരികയാണ്. അവിടെ ഒരു കൾവർട്ട് നിർമ്മിക്കുന്നതിന്റെ

LIBRARY ARCHIVES Kerala Legislative Assembly